**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1479** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>കോട്ടക്കൽ നഗരസഭ മാർക്കറ്റ് ആധുനികവൽക്കരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

**(എ)** കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ധനാനുമതി ലഭ്യമായിട്ടുള്ള കോട്ടക്കൽ നഗരസഭ മാർക്കറ്റ് ആധുനികവൽക്കരണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കോട്ടയ്ക്കൽ നഗരസഭാ മാർക്കറ്റ് പദ്ധതിയുടെ കിഫ്ബിയുടെ നടപടിക്രമങ്ങൾ അനുസരിച്ചുള്ള ഡിസൈൻ റിവ്യൂ അവസാന ഘട്ടത്തിലാണ്. കിഫ്ബിയിൽ സമർപ്പിച്ച structural drawings -ൽ കിഫ്ബി നിർദ്ദേശിച്ച തിരുത്തലുകൾ വരുത്തുവാൻ നഗരസഭയ്ക്കും നഗരസഭ നിയോഗിച്ച കൺസൾട്ടന്റിനും പദ്ധതി നിർവ്വഹണ ഏജൻസിയായ ഇമ്പാക്ട് കേരള നൽകിയിട്ടുണ്ട്. തിരുത്തലുകൾ വരുത്തിയ structural drawings ഇതുവരെ നഗരസഭയിൽ നിന്നും പദ്ധതി നിർവ്വഹണ ഏജൻസിക്ക് ലഭ്യമായിട്ടില്ല. ടി structural drawings കിഫ്ബിയിൽ സമർപ്പിച്ചാൽ മാത്രമേ ഡിസൈൻ റിവ്യൂ പൂർത്തികരിക്കാൻ കഴിയൂ.

**(ബി)** പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനായി നിലവിൽ എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തികരിക്കാനുണ്ടെന്നും പ്രവൃത്തിക്ക് കിഫ്ബിയുടെ പുതുക്കിയ ധനാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ടോയെന്നും വിശദമാക്കാമോ; പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

**<u>മറുപടി:</u>** കോട്ടയ്ക്കൽ നഗരസഭാ മാർക്കറ്റ് പദ്ധതിയുടെ ഡിസൈൻ റിവ്യൂ പൂർത്തികരിച്ച് കിഫ്ബി അംഗീകരിച്ച structural Drawings ഉപയോഗപ്പെടുത്തി PRICE 3 ൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കി സാങ്കേതിക അനുമതിയും കിഫ്ബിയിൽ നിന്നും പുതുക്കിയ ധനാനുമതിയും ലഭ്യമാക്കി ടി പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തികരിച്ച ശേഷം പ്രവൃത്തി ആരംഭിക്കാൻ കഴിയുന്നതാണ്.

**സെക്ഷൻ ഓഫീസർ**